Reg. No.: ..............................

Name : ..................................

DON BOSCO ARTS AND SCIENCE COLLEGE
LIBRARY
ANGADIKADAVU

K20U 0371

II Semester B.Sc.LRP/B.C.A./B.S.W. Degree (CBCSS – Supple./Improve.)
Examination, April 2020
(2016-2018 Admissions)
COMMON COURSE IN MALAYALAM
2A08 2MAL : സാഹിത്യവിഭാഗങ്ങൾ

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) സ്നേഹത്തിന്റെ ലോകത്തിന് അതിരുകളില്ല എന്ന് കാട്ടിത്തരുകയാണ് മാണിക്കനും അഴകനും – സമാനസ്വഭാവമുള്ള കഥകളുമായി താരതമ്യം ചെയ്ത് വിശദീകരിക്കുക.

2) കടത്തിന്റെ ദാർശനിക പ്രശ്നങ്ങളും എങ്ങനെ നല്ല കടക്കാരനാകാമെന്നും രാവുണ്ണി പഠിപ്പിക്കുന്നതെങ്ങനെ ? ഉപന്യസിക്കുക.

3) 'ഏഴിനും മീതെ ഒരു ദൈവകഥയല്ല. മാങ്ങാട്ടുനിന്നു പുറപ്പെട്ട് മലമുടിയിലേക്കു പോയ മന്ദപ്പൻ എന്ന വെറുമൊരു മനുഷ്യന്റെ കഥ'. വിലയിരുത്തുക.

4) 'പ്രാഞ്ചിയേട്ടൻ' എന്ന തിരക്കഥയുടെ സവിശേഷതകൾ വിശദീകരിക്കുക.

(2×7=14)

II. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

5) പഴയ ജനപഥങ്ങൾ ഇല്ലാതെയാവുകയും പുതിയവ സൃഷ്ടിക്കുകയും ചെയ്യുമ്പോൾ നഷ്ടപ്പെടുന്നതെന്ത് ? 'സാക്ഷി'യെ അടിസ്ഥാനമാക്കി ഉപന്യസിക്കുക.

6) മതം മാറിയ കണ്ടങ്കോരന്റെ ജീവിതാവസ്ഥ വിവരിക്കുക.

7) ഇക്കാലത്തും വരും കാലത്തും പ്രസക്തമാകുന്ന പണയവസ്തുവിന്റെ അവസ്ഥ താജ് അവതരിപ്പിക്കുന്നതെങ്ങനെ ?

8) 'സ്വർണ്ണമാല'യിലൂടെ ബഷീർ അവതരിപ്പിക്കുന്ന ജീവിതബോധം വിശദീകരിക്കുക.

9) 'ഇനിയത്തെ പ്രാവശ്യം കുഞ്ഞി തലച്ചോറ് കൊണ്ട് ഉപ്പേരിയുണ്ടാക്കി തീറ്റിക്കും, കൊന്നാൽ പാപം തിന്നാൽ തീരുമല്ലോ'. വിശദീകരിക്കുക.

10) എൻ. പ്രഭാകരന്റെ കൃതികളെക്കുറിച്ച് ഉപന്യസിക്കുക.

(4×3=12)

P.T.O.

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

11) മലയാളത്തിലെ എഴുത്തുകാരിൽ പലരെയും പ്രചോദിപ്പിച്ച പ്രമേയമാണ് മാണിക്കനിലേത്. പരിശോധിക്കുക.

12) 'കുറേ സമയം കഴിഞ്ഞ് ഇറങ്ങാമെന്നു വിചാരിച്ച് നോക്കുമ്പോൾ പടവുകൾ കാണുന്നില്ല!' സന്ദർഭം വിശദീകരിക്കുക.

13) 'പ്രാഞ്ചിയേട്ടനി'ലെ പത്മശ്രീ എന്ന കഥാപാത്രത്തെക്കുറിച്ച് കുറിപ്പെഴുതുക.

14) 'പെണ്ണു പൂക്കണെ നാട്ടിൽ എത്തിച്ചു തര്വോ ? ഈ താലീം മാലേം പൊട്ടിച്ചു തരാം' വിവക്ഷിതമെന്ത് ?

15) 'അന്നെന്നെ കുടിയിറക്കിയ അതേ ആവേശത്തോടെ ഇന്നെന്തിനാണെന്നെ കുടിയിരുത്തുന്നത് ?' സന്ദർഭമെഴുതുക.

16) 'ഫൂ എരപ്പാളി, നീ ആരിക്ക തമ്പാനാടീ ? പെലേന്റെ ചൂരു മാറീട്ടില്ലല്ലാടാ ?' സന്ദർഭമെഴുതി വിശദമാക്കുക. **(4×2=8)**

IV. ഒറ്റവാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) 'പ്രഭ' എന്ന തൂലികാനാമത്തിൽ ആദ്യകാലങ്ങളിൽ ലേഖനമെഴുതിയിരുന്നതാര് ?

18) പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി എന്ന കഥ എഴുതിയതാര് ?

19) പെരുമ്പറ എന്ന നാടകം എഴുതിയതാര് ?

20) മലയാളത്തിലെ ആദ്യ ചെറുകഥയേത് ?

21) 'എടാ തുട്ടാ, നീയാപ്പെങ്കൊച്ചിനേം ക്ലാങ്ങളേം വെള്ളത്തിലാക്യേല്ലാ'' ആരെക്കുറിച്ചാണിപ്രകാരം പറയുന്നത് ?

22) 'എടാ തിരുമണ്ടാ, എന്റെ നിഴലു കണ്ടാൽ പരിചയക്കാര് പുതിയ വഴി യുണ്ടാക്കി പായും. പൊന്നുമോനല്ലേ മിടുക്കനല്ലേ... അച്ഛൻ പോട്ടെ'' – ഏത് കൃതിയിലെ വാക്യം ?

23) 'മാറ്റാത്തി' എന്നത് ആരുടെ നോവലാണ് ?

24) 'ജന്മദിനം' – എന്ന കഥയെഴുതിയതാര് ? **(6×1=6)**